**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4482** **18-03-2025 - ൽ മറുപടിയ്ക്ക്**

**കെ.ഐ.വി. റൂൾസ് പ്രകാരം നൽകുന്ന ലൈസൻസുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ദെലീമ | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) |

**ചോദ്യം**

(എ) കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് പ്രകാരമുള്ള ലൈസൻസുകൾ പുതുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ വിശദമാക്കാമോ;

**ഉത്തരം**

(എ) കേരള ഇൻലാന്റ് വെസ്സൽ റൂൾസ് പ്രകാരമുള്ള ലൈസൻസുകൾ പുതുക്കുന്നതിനുള്ള ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കുകൾ.

| Sl. No | Name of Certificate | Rate (including GST) |
|---|---|---|
| 1 | First Class Master/First Class Boat Master | 201 |
| 2 | Second Class Master/Second Class Boat Master | 201 |
| 3 | Serang/Boat Serang | 201 |
| 4 | Lascar/Boat Lascar | 201 |
| 5 | Engineer/Boat Engineer | 201 |
| 6 | First Class Engine Driver/First Class Boat Engine Driver | 201 |
| 7 | Second Class Engine Driver/Second Class Boat Engine Driver | 201 |
| 8 | Serang cum Driver | 201 |

പുതിയ ഇൻലാന്റ് വെസ്സൽ റൂൾസ് 2021 നിയമ പ്രകാരം ആവശ്യമായ പരിശീലനങ്ങൾ നേടിയ ശേഷം ലൈസൻസ് പുതുക്കുന്നതിന് ജി.എസ്.ടി ഉൾപ്പെടെയുള്ള നിരക്കുകൾ.

| Sl. No | Name of Certificate | Rate |
|---|---|---|

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td></td><td>(including GST)</td><td></td></tr>
<tr><td>1</td><td>Master Class-1</td><td>2950</td><td></td></tr>
<tr><td>2</td><td>Master Class-2</td><td>2360</td><td></td></tr>
<tr><td>3</td><td>Master Class-3 or Serang</td><td>2065</td><td></td></tr>
<tr><td>4</td><td>Inland Engineer</td><td>2950</td><td></td></tr>
<tr><td>5</td><td>Engine Driver Class-1</td><td>2360</td><td></td></tr>
<tr><td>6</td><td>Engine Driver Class-2</td><td>2065</td><td></td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>നിലവിൽ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രസ്തുത ലൈസൻസ് പുതുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ ഉണ്ടോയെന്ന് വിശദമാക്കാമോ;</td>
<td>(ബി)</td>
<td>പുതിയ ഐ.വി റൂൾ 2021 പ്രകാരമുള്ള ലൈസൻസ് നേടുവാനുള്ള കാലാവധി നീട്ടുവാൻ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെയും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ഈ വിജ്ഞാപനം മുന്നിൽ കണ്ടുകൊണ്ടും ഇത് മൂലം സംസ്ഥാനത്തെ ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള എല്ലാ യന്ത്രവല്കൃത യാനങ്ങളുടെയും പ്രവർത്തനം പ്രതിസന്ധിയിലാകുമെന്നുള്ളത് കണക്കിലെടുത്ത് കൊണ്ടും ഒരു വർഷത്തേയ്ക്ക് കൂടി ഇത്തരം ലൈസൻസുകൾ ദീർഘിപ്പിച്ചുകൊണ്ട് KMB ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>നിലവിലുള്ള ലൈസൻസ് ഹോൾഡേഴ്സ് കേരളാ ഹൈക്കോടതിയെ സമീപിക്കുകയും ബഹു. കോടതി 31.05.2024-ലെ P(C)17791/2024 പ്രകാരം ഇത്തരം ലൈസൻസുകൾ തുടരാൻ അനുവദിക്കണമെന്ന് കേരളാ മാരിടൈം ബോർഡിനോട് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>കെ.ഐ.വി. റൂളിലേക്ക് മാറുമ്പോൾ പുതുക്കിയ ലൈസൻസിന് ഫീസ് ഈടാക്കാതിരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?</td>
<td>(സി)</td>
<td>ഐ.വി റൂൾപ്രകാരമുള്ള കോഴ്സുകളും സർവ്വേകളും ഇന്ത്യയിൽ ആകമാനം ഏകീകരിക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു നിയമം കേന്ദ്ര ഗവൺമെന്റ് നടപ്പിൽ വരുത്തിയത്. താഴ്ന്ന ഗ്രേഡിൽ നിന്നും ഉയർന്ന ഗ്രേഡിലേക്ക് എത്തുന്നതിന് വേണ്ടിയാണ് പ്രിപ്പറേറ്ററി കോഴ്സുകൾ ആരംഭിച്ചിട്ടുള്ളത്. ജിപി റേറ്റിംഗ് പോലെയുള്ള റസിഡൻഷ്യൽ കോഴ്സുകൾ ഉൾപ്പെടെ എല്ലാ കോഴ്സുകളുടെയും ഫീസ് ഘടനയും, ഫീസും നിർണയിച്ചുകൊണ്ട് കേരള മാരിടൈം ബോർഡിന്റെ യോഗത്തിൽ അംഗീകരിച്ചിരുന്നു. IWAI യുടെ ട്രെയിനിങ് മാനുവൽ കേന്ദ്ര നിയമപ്രകാരം രൂപകൽപ്പന ചെയ്തിട്ടുള്ളതായതിനാൽ കോഴ്സുക ളിൽ ഫീസ് ഈടാക്കാതിരിക്കുവാൻ സാധ്യമല്ല. നിലവിലുള്ള ഫീസ് നിർണയിച്ചിരിക്കുന്നത് ഇതിനായുള്ള ഏകദേശ പ്രവർത്തന ചെലവ് മാത്രം കണക്കാക്കിയാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ